മാറാട് സംഭവത്തെത്തുടർന്ന് കസ്റ്റഡിയിലെടുത്തവർ

94 [5841] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേയ് 2-ന് മാറാടുണ്ടായ കൂട്ടക്കൊലയെത്തുടർന്ന് എത്ര ആളുകളെ സംഭവസ്ഥലത്തും, സമീപപ്രദേശത്തുനിന്നും പോലീസ് കസ്റ്റഡിയിലെടുത്തിരുന്നു;

(ബി) ഇവർ ആരൊക്കെയാണെന്നും ആരെല്ലാം കേസിൽ പ്രതികളാണെന്നും അറസ്റ്റ് രേഖപ്പെടുത്താതെ വിട്ടയച്ചവർ ആരെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) കൂട്ടക്കൊലയെ തുടർന്ന് പ്രത്യാക്രമണത്തിനു തുനിഞ്ഞ അരയ സമുദായത്തിൽപ്പെട്ടവരെ പോലീസ് തടഞ്ഞിരുന്നുവോ;

(ഡി) അവരെ പോലീസ് കസ്റ്റഡിയിൽ എടുത്തിരുന്നുവോ; എങ്കിൽ എന്തെല്ലാം തുടർനടപടികളാണ് ഇവരുടെ കാര്യത്തിൽ പോലീസ് സ്വീകരിച്ചത്;

(ഇ) ഇവർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 20 പേരെ മേയ് രണ്ടിന് പോലീസ് കസ്റ്റഡിയിൽ എടുത്തിരുന്നു.

(ബി) കസ്റ്റഡിയിൽ എടുത്ത 20 പേരെയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാൻഡിൽ കഴിഞ്ഞുവരികയാണ്. അറസ്റ്റ് രേഖപ്പെടുത്താതെ ആരെയും വിട്ടയച്ചിട്ടില്ല. അറസ്റ്റ് ചെയ്തവരുടെ വിവരം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു. †

(സി) തടഞ്ഞിരുന്നു.

(ഡി) 25 പേരെ കസ്റ്റഡിയിൽ എടുത്തിരുന്നു. 25 പേരെയും സി.ബി. സി.ഐ.ഡി. ക്രൈം 117/സി. ആർ./03 കേസിൽ ഉൾപ്പെടുത്തി അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും കോടതി ഇവരെ ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതുമാണ്.

(ഇ) വിശദവിവരം അനുബന്ധം II-ൽ ചേർത്തിരിക്കുന്നു. †

ലോക്കൽ പോലീസ് സ്റ്റേഷനിൽ വനിതാ കോൺസ്റ്റബിൾമാരുടെ തസ്തിക സൃഷ്ടിക്കാൻ നടപടി

95 [5845] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിശീലനം പൂർത്തിയാക്കി ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ നിയമനം നൽകിയിട്ടുള്ള വനിതാ പോലീസ് കോൺസ്റ്റബിൾമാർക്ക് അതാത് ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ ഒഴിവുള്ള തസ്തികകളിൽ തന്നെയാണോ നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ ലോക്കൽ പോലീസ് സ്റ്റേഷനുകളിലും വനിതാ കോൺസ്റ്റബിൾമാർക്ക് നിയമനം നൽകുന്നതിന് വേണ്ടി രണ്ട് വീതമെങ്കിലും വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം ഉറപ്പ് വരുത്തുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ഉത്തരം

(എ) അതാത് ലോക്കൽ പോലീസ് സ്റ്റേഷനുകളിലെ ഒഴിവുള്ള തസ്തികയിൽ തന്നെയാണ് നിയമനം നൽകിയിട്ടുള്ളത്.

(ബി) വനിതാ പോലീസ് ജീവനക്കാർക്ക് വേണ്ട ടോയ്ലറ്റ് സംവിധാനവും വിശ്രമമുറിയും ഉള്ള എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസ് കോൺസ്റ്റബിൾമാരെ നിയമിച്ചിട്ടുണ്ട്.

ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് ഹെഡ്ക്വാർട്ടേഴ്സിലെ പണാപഹരണം

96 [5847] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
„ ടി. യു. രാധാകൃഷ്ണൻ:
„ ഡൊമിനിക് പ്രസന്റേഷൻ:
„ വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് സംസ്ഥാന ഹെഡ്ക്വാർട്ടേഴ്സിലെ പണാപഹരണം സംബന്ധിച്ച് ലോക്കൽ പോലീസ് കേസ് എടുക്കുകയോ അന്വേഷണം നടത്തുകയോ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച് പോലീസ് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അത് സംബന്ധിച്ച നടപടികൾ ഏതുവരെയായി എന്നും ക്രൈം രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) അന്വേഷണം പുരോഗമിച്ച് വരുന്നു. വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly